# കേരള സർക്കാർ

## സംഗ്രഹം

വനം വകുപ്പ് - ചരിയുന്ന നാട്ടാനകളെ നിബന്ധനകൾക്ക് വിധേയമായി വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാ) നം. 11/07/വനം. തിരുവനന്തപുരം, തീയതി 06.01.2007

---

പരാമർശം : 26.05.2006-ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (വന്യജീവി വിഭാഗം) WL5-8514/05 നമ്പർ കത്ത്

## ഉത്തരവ്

കേരളത്തിൽ മരണമടയുന്ന നാട്ടാനകളെ മറവു ചെയ്യുന്നതിന് ആന ഉടമസ്ഥർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ അവയെ വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം ഒന്ന് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കുവിധേയമായി ചരിയുന്ന നാട്ടാനകളെ വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു.

1. ചരിയുന്ന ആനയുടെ ഉമടസ്ഥൻ ആനയുടെ സംസ്കാരത്തിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്ററുടെ ഓഫീസിൽ അപേക്ഷ നല്കേണ്ടതാണ്.
2. ഡിവിഷണൽ ഫോറസ്റ്ററുടെ മേൽനോട്ടത്തിൽ ആവശ്യമായ സുരക്ഷാ സജ്ജീകരണത്തോടുകൂടി മാത്രമേ ആനയുടെ ജഡം സംസ്കരിക്കുവാൻ പാടുള്ളൂ.
3. 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആന ഉടമസ്ഥർക്ക് മാത്രമേ ഈ സൗകര്യം ലഭ്യമാകുകയുള്ളൂ.
4. ചരിയുന്ന ആനയുടെ മരണവിവരം, മഹസ്സർ, മറ്റ് ആവശ്യമായ രേഖകൾ എന്നിവ വനം വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എൻ. സുകുമാരൻ
അഡീഷണൽ സെക്രട്ടറി